**കേരള സർക്കാർ**
**ധനകാര്യ (ബി.ഡി & ജി.ബി ) വകുപ്പ്**

**നം : 101/18/ധന**

**തിരുവനന്തപുരം**
**തീയതി 1 /11 2018**

## പരിപത്രം

വിഷയം :- ധനകാര്യ ( ബി ഡി & ജി ബി ) വകുപ്പ് -ബഡ്ജറ്റ് മോണിറ്ററിംഗ് സംവിധാനം ( BMS) കാര്യക്ഷമമാക്കുന്നതിന് നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനുവേണ്ടി ബഡ്ജറ്റ് മോണിറ്ററിംഗ് സോഫ്റ്റ് വെയർ സംവിധാനത്തിൽ പ്രത്യേക മോഡ്യൂൾ ചേർക്കുകയും ഇതിന്റെ യൂസർ മാന്വൽ എല്ലാ വകുപ്പുകൾക്കും ലഭ്യമാക്കിയിട്ടുമുണ്ട്. 2016 -17, 2017-18 , 2018-19 സാമ്പത്തിക വർഷങ്ങളിലെ ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ നടത്തിപ്പ് പുരോഗതി ബി.എം.എസ് സോഫ്റ്റ്വെയറിൽ 15/09/2018- ന മുൻപായി രേഖപ്പെടുത്തണമെന്ന് നിർദേശിച്ചുകൊണ്ട വകുപ്പുതലവന്മാർക്ക് അർദ്ധഔദ്യോഗിക കത്ത് നൽകിയെങ്കിലും നാളിതുവരെ നാമമാത്രമായ വകുപ്പുകൾ മാത്രമേ പ്രസ്തുത വിവരങ്ങൾ സോഫ്റ്റ്വെയറിൽ രേഖപെടുത്തിയിട്ടുള്ളു . ബി.എം.എസ് സോഫ്റ്റ്വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നത്, പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുന്നതിനും ബജറ്റിനു മുന്നോടിയായിട്ടുള്ള അവലോകനങ്ങൾക്കും , നിയമസഭാചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകുന്നതിനും അനിവാര്യമാണ് .

മേൽ സാഹചര്യത്തിൽ എല്ലാ വകുപ്പ് മേധാവികളും ബഡ്ജറ്റിൽ പ്രഖ്യാപിച്ച അതാതു വകുപ്പുകളെ സംബന്ധിക്കുന്ന പദ്ധതി നടത്തിപ്പിന്റെ നാളിതുവരെയുള്ള പുരോഗതി **15/11/2018-** ന് മുൻപായി ബി.എം.എസ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുവാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**എസ്. അനൂപ്.**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം )**

പകർപ്പ് :-

എല്ലാ വകുപ്പ് മേധാവികൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ